# പണിമുടക്ക് ഡിസംബർ 15 ന്

സഖാവെ, സുഹൃത്തെ,

ജെ.എ.സി.യുടെ നേതൃത്വത്തിൽ 2011 നവംബർ 15 ന് നടത്താൻ നിശ്ചയിച്ച പണിമുടക്ക് മാറ്റിവെച്ച കാര്യം അറിയുമല്ലോ. 2011 നവംബർ 16 ന് ഡൽഹിയിൽ ചേർന്ന ജോയിന്റ് ആക്ഷൻ കമ്മിറ്റി യോഗം പണിമുടക്ക് ഡിസംബർ 15 ന് നടത്താൻ തീരുമാനമെടുത്തിട്ടുണ്ട്. നേരത്തെ ഉന്നയിച്ച ഡിമാന്റുകളോടൊപ്പം 3-ജി സ്പെക്ട്രം അഴിമതികൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. എൻ.എഫ്.ടി.ഇ.യുമായി ജെ.എ.സി. ദേശീയ കൺവീനർ സ: വി.എ.എൻ.നമ്പൂതിരി ബന്ധപ്പെടുകയും പണിമുടക്കിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. ബി.ടി.ഇ.യു. (ബി.എസ്.എൻ.എൽ), ജെ.എ.സി.യുടെ ഭാഗമല്ലെങ്കിലും ഒക്ടോബർ 10-ന്റെ പണിമുടക്ക് നോട്ടീസിൽ ഒപ്പുവെച്ചിരുന്നു. എഫ്.എൻ.ടി.ഒ. പണിമുടക്കുമായി സഹകരിക്കുന്നില്ല. അതുകൊണ്ട് ജെ.എ.സി.യിലുള്ള സംഘടനകളുടെയും പണിമുടക്കിൽ സഹകരിക്കാൻ തയ്യാറുള്ള സംഘടനകളുടെയും ജില്ലാതല യോഗം വിളിച്ചുചേർക്കണം.

നവംബർ 17 ന് തിരുവനന്തപുരത്ത് സർക്കിൾതല ജെ.എ.സി.യോഗം ചേരുകയുണ്ടായി. ചെയർമാൻ എൻ.എ.അബ്രഹാം അദ്ധ്യക്ഷത വഹിച്ചു. കൺവീനർ കെ.മോഹനൻ സമര തീരുമാനങ്ങൾ വിശദീകരിച്ചു. യോഗം താഴെ പറയുന്ന തീരുമാനങ്ങളെടുത്തു.

1. നവംബർ 24,25,26 തീയതികളിലായി ജോയിന്റ് ആക്ഷൻ കമ്മിറ്റിയിൽ ഉൾപ്പെട്ട സംഘടനകളുടെ സംയുക്ത ജില്ലാ പ്രവർത്തകസമിതിയോഗം ചേരണം. ബി.ടി.ഇ.യു. ബി.എസ്.എൻ.എൽ.നെയും, എൻ.എഫ്.ടി.ഇ, എഫ്.എൻ.ടി.ഒ. സംഘടനകളെയും ബന്ധപ്പെടണം. സംയുക്തപ്രവർത്തക സമിതിയിൽ പങ്കെടുക്കാൻ തയ്യാറാണെങ്കിൽ അവരെയും ഉൾപ്പെടുത്തണം. താഴെ പറയുന്ന തീയതികളിൽ പ്രവർത്തകസമിതി ചേരണം.

   നവംബർ 24 : പാലക്കാട്, തൃശ്ശൂർ, കോട്ടയം,
   നവംബർ 25 : കോഴിക്കോട്, ആലപ്പുഴ, തിരുവനന്തപുരം,
   നവംബർ 26 : എറണാകുളം, പത്തനംതിട്ട, കൊല്ലം.

   കണ്ണൂരിൽ നവംബർ 22 നും, മലപ്പുറത്ത് 23 നും സംയുക്തപ്രവർത്തക സമിതി ചേരുന്നതാണ്.

2. 2011 നവംബർ 30 മുതൽ ഡിസംബർ 5 വരെ ബ്രാഞ്ച്/മേഖല/ഓഫീസ് കേന്ദ്രീകരിച്ച് ജീവനക്കാരുടെയും ഓഫീസർമാരുടെയും സംയുക്തയോഗങ്ങൾ വിളിച്ചുചേർക്കണം. . 2011 ഡിസംബർ 8 ന് ജില്ലകളിൽ ജനറൽമാനേജർ ഓഫീസിലേക്കും, തിരുവനന്തപുരത്ത് രാജ്ഭവനിലേക്കും മാർച്ച് സംഘടിപ്പിക്കണമെന്ന് തീരുമാനിച്ചു. വിപുലമായ പങ്കാളിത്തം ഉറപ്പുവരുത്തണം. ട്രേഡ് യൂണിയൻ, സർവ്വീസ് സംഘടനാ പ്രതിനിധികളെയും ജനപ്രതിനിധികളെയും മാർച്ചിനെ അഭിസംബോധന ചെയ്യാൻ ക്ഷണിക്കണം.

4. ഡിസംബർ 12,13 തീയതികളിൽ ഓഫീസുകൾ/എക്സ്ചേഞ്ചുകൾ കേന്ദ്രീകരിച്ച് വാഹനപ്രചരണപരിപാടികൾ സംഘടിപ്പിക്കണം.

5. ഡിസംബർ 14 ന് വൈകുന്നേരം നഗരം കേന്ദ്രീകരിച്ച് ജീവനക്കാരുടെ വലിയതോതിലുള്ള പ്രകടനങ്ങൾ സംഘടിപ്പിക്കണം.

6. വിപുലമായ ക്യാമ്പയിൻ പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം.

7. എക്സ്ചേഞ്ച് ഓഫീസുകൾക്ക് മുമ്പിൽ ബോർഡ്/ബാനർ പ്രദർശിപ്പിക്കണം.

8. സമരസന്ദേശം പൊതുജനങ്ങളിലെത്തിക്കുന്നതിന് പോസ്റ്റർ പ്രചരണം നടത്തണം.

9. ഐ. ടി. എസ്. അബ്സോർപ്ഷൻ വിഷയം ഉന്നയിച്ച് 2011 നവംബർ 22 ന് എക്സിക്യൂട്ടീവ് സംഘടനകൾ നിശ്ചയിച്ച ധർണ, ജെ. എ. സി. യുടെ നേതൃത്വത്തിൽ സംഘടിപ്പിക്കാൻ തീരുമാനിച്ചു.

അഭിവാദനങ്ങളോടെ,

**കെ. മോഹനൻ**

കൺവീനർ, ജെ. എ. സി.

**എൻ. എ. എബ്രഹാം,**

ചെയർമാൻ, ജെ. എ. സി.

**ബി. എസ്. എൻ. എൽ. എക്സിക്യൂട്ടീവ് നോൺ എക്സിക്യൂട്ടീവ്**

**സംഘടനകളുടെ സംയുക്ത വേദി**

**കേരള സർക്കിൾ, തിരുവനന്തപുരം.**

സർക്കുലർ നം: 8/2011 18-11-2011